Draft #2 of File 11452/AC A8/3/2019/AC A 8 Approved by ASSISTANT REGISTRAR II (ACADEMIC) on 15-Jan-2020 11:36 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അക്കാദമികം -ദേശീയ പ്രാധാന്യമുള്ള National Games, N.C.C, N.S.S. എന്നിവയ്ക്ക് മുൻകൂർ അനുമതിയോടുകൂടി ഹാജർ അനുവദിക്കുന്നതിനുള്ള തീരുമാനം -ഉത്തരവാകുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 210/AC A 8/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.01.2020

---

പരാമർശം:-1.ശ്രീ. അനിൽ. കെ നായർ, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് , അസോസിയേറ്റ് എൻ.സി.സി ഓഫീസേഴ്സ് അസോസിയേഷൻ സമർപ്പിച്ച 12.10.2018-ലെ അപേക്ഷ.

2. ശ്രീ.സുനിൽ കുമാർ എൻ.വി, ബ്രിഗേഡിയർ ഗ്രൂപ്പ് കമാൻഡർ, എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്, കോട്ടയം

സമർപ്പിച്ച 16.10.2018-ലെ അപേക്ഷ

3. 30.11.2019-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 88/11452/ACA8/3/2019 (31.12.2019-ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.11)ഇനം നമ്പർ 01/19.11/190797 ആയി സമർപ്പിച്ചത്).

**ഉത്തരവ്**

എൻ.സി.സിയുടെ ദേശീയ പ്രാധാന്യമുള്ള ക്യാമ്പുകളിൽ പങ്കെടുക്കുന്ന ദിവസങ്ങൾ കോളേജിൽ ഹാജരായതായി പരിഗണിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം(1), (2) പ്രകാരം അപേക്ഷകൾ സമർപ്പിക്കപ്പെട്ടിരുന്നു. യോഗ്യതാ ക്യാമ്പുകളിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക് 14 ദിവസത്തിലധികവും, സജീവമായി ക്യാമ്പിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക് 55 ദിവസത്തിലധികവും ഹാജർ നഷ്ടമാകുന്നുണ്ട് എന്നത് പരിഗണിച്ച് ദേശീയ പ്രാധാന്യമുള്ള ക്യാമ്പുകളിൽ പങ്കെടുക്കുന്ന ദിവസങ്ങൾ കോളേജിൽ ഹാജരായതായി പരിഗണിക്കണം എന്ന് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു. കണ്ണൂർ,കാലിക്കറ്റ് സർവ്വകലാശാലകൾ മുൻകൂർ അനുമതിയോടെ പാഠ്യ/പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഹാജർ സാക്ഷ്യപത്രം സമർപ്പിക്കുന്ന പക്ഷം പ്രസ്തുത ദിവസങ്ങളിൽ ഹാജർ അനുവദിക്കുന്നതായും അപേക്ഷകർ ചൂണ്ടിക്കാട്ടി.

മഹാത്മാഗാന്ധി സർവകലാശാലാ സി.ബി.സി.എസ് റെഗുലേഷൻസ് 2017-ലെ ഖണ്ഡിക 16.1-ൽ ഇപ്രകാരം പരാമർശിച്ചിരിക്കുന്നു. "Benefit of attendance may be granted to students attending University/College union/Co-curricular activities by treating them as present for the days of absence, on production of participation/attendance certificates, within one week, from competent authorities and endorsed by the Head of the institution. This is limited to a maximum of 10 days per semester and this benefit shall be considered for internal assessment also." മേൽ വ്യവസ്ഥയിൽ

ഇളവ് അനുവദിക്കുന്നതിന് വേണ്ടിയാണ് അപേക്ഷ. അക്കാദമിക് റെഗുലേഷൻ ഭേദഗതി ആവശ്യമുള്ള വിഷയം ആയതിനാൽ തീരുമാനം കൈക്കൊള്ളുന്നതിനായി ഫയൽ അക്കാദമിക് കൗൺസിൽ മുമ്പാകെ സമർപ്പിച്ചു.

30.11.2019-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം, പരാമർശം(2) പ്രകാരം, "ദേശീയ പ്രാധാന്യമുള്ള National Games, N.C.C, N.S.S. എന്നിവയ്ക്ക് മുൻകൂർ അനുമതിയോടുകൂടി ഹാജർ അനുവദിക്കാവുന്നതാണെന്ന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.സ്റ്റേറ്റ് വൈസ് പ്രസിഡന്റ് , അസോസിയേറ്റ് എൻ.സി.സി ഓഫീസേഴ്സ് അസോസിയേഷൻ.
2 ബ്രിഗേഡിയർ ഗ്രൂപ്പ് കമാൻഡർ, എൻ.സി.സി ഗ്രൂപ്പ് ഹെഡ് ക്വാർട്ടേഴ്സ്, കോട്ടയം
3. വൈസ് ചാൻസലറുടെ /പ്രൊ വൈസ് ചാൻസലറുടെ പി.എസ്
4. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ
5. ജെ.ആർ /ഡി.ആർ/എ.ആർ (അക്കാദമിക്)
6. എസി.എൽ സെക്ഷൻ.
7. എസി. സി/എസി.എ 1/ഇ.കെ III സെക്ഷനുകൾ
8. എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ
9. ഡയറക്ടർ, SPESS
10. ഡി.എസ്.എസ്
11. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
12. ഫയൽ പകർപ്പ് /കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 11452/AC A8/3/2019/AC A 8 Approved by ASSISTANT REGISTRAR II (ACADEMIC) on 15-Jan-2020 11:36 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം